**GE-DA2/185/2025-G.EDN**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ശ്രീ.ബാലകൃഷ്ണൻ കെ.കെ, പ്രിൻസിപ്പൽ, ഗവ.വി.എച്ച്.എസ്.എസ്, മടപ്പള്ളി, കോഴിക്കോട് - സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.**1650/2026/GEDN** തീയതി,തിരുവനന്തപുരം, **24-02-2026**

---

പരാമർശം:-
1. **01.04.2023**-ലെ സ.ഉ.(സാധാ) നം.**2300/2023**/പൊവിവ
2. **09.11.2023**-ലെ സ.ഉ(സാധാ) നം **6971/2023**/പൊവിവ
3. **20.04.2024** ലെ സ.ഉ(സാധാ) നം **2737/2024**/പൊവിവ
4. **22.06.2024** ലെ സ.ഉ(സാധാ) നം **3980/2024**/പൊവിവ
5. **19.09.2025** ലെ സ.ഉ(സാധാ) നം. **7048/2025**/പൊവിവ
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **25.10.2025** ലെ **HSE/3044/2023-Ad D1** നം കത്ത്

**ഉത്തരവ്**

കോഴിക്കോട് മടപ്പള്ളി ഗവ വി.എച്ച് എസ് എസ് പ്രിൻസിപ്പൽ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ബാലകൃഷ്ണൻ.കെ.കെ-യ്ക്കെതിരെ വടകര ചോമ്പാല പോലീസ് **2012**-ലെ പോക്സോ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ. **119/2023** കേസിൽ **27.03.2023** ന് ടിയാനെ അറസ്റ്റു ചെയ്യുകയും റിമാന്റിലാക്കുകയും ചെയ്ത സാഹചര്യത്തിൽ ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാനെ **27.03.2023** പ്രാബല്യത്തിൽ പരാമർശം(**1**) പ്രകാരം സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. തുടർന്ന് പരാമർശം (**2,3**) എന്നിവ പ്രകാരം ടിയാന്റെ സസ്പെൻഷൻ ദീർഘിപ്പിക്കുകയും തുടർന്ന് അച്ചടക്കനടപടിയുടെ തീർപ്പിന് വിധേയമായി പരാമർശം(**4**) പ്രകാരം ടിയാനെ സർവീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിരുന്നു.

2. ശ്രീ.ബാലകൃഷ്ണൻ.കെ.കെക്കെതിരെ **1960**-ലെ **KCS CCA R-15** പ്രകാരം ആരംഭിച്ച അച്ചടക്കനടപടി, ടിയാനെതിരായ പോക്സോ കേസ് **SC 638/2023** ൽ **21/11/2023** ലെ ഉത്തരവിൽ ബഹു. നാദാപുരം ഫാസ്റ്റ്

ട്രാക്ക് കോടതി ടിയാനെ കുറ്റവിമുക്തനാക്കിയത് ഓണറബിൾ അക്വിറ്റൽ ആയതിനാലും കുറ്റാരോപിതൻ കുറ്റം ചെയ്തതായി തെളിയിക്കുന്നതിന് യാതൊരു തെളിവുകളും ലഭ്യമല്ലാത്തതിനാലും ശ്രീ. ബാലകൃഷ്ണൻ.കെ.കെ ക്കെതിരെ 1960-ലെ കെ.സി.എസ്(സിസി&എ) ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർ നടപടികൾ അവസാനിപ്പിച്ച് തീർപ്പാക്കി പരാമർശം(5) പ്രകാരം ഉത്തരവായിരുന്നു.

3. മേൽ സാഹചര്യത്തിൽ ടിയാന്റെ 27.03.2023 മുതൽ 21.06.2024 വരെയുള്ള സസ്പെൻഷൻ കാലയളവ് എല്ലാ ആവശ്യത്തിനും ഡ്യൂട്ടി ആയും ടിയാൻ 22/06/2024 മുതൽ 05/08/2024 വരെ ജോലിയിൽ പ്രവേശിക്കാനെടുത്ത കാലയളവ് അർഹമായ പ്രവേശന കാലമായും അർഹമായ അവധിയായും ക്രമീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം(6) പ്രകാരം ശുപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് മടപ്പള്ളി ഗവ എച്ച് എസ് എസ് പ്രിൻസിപ്പൽ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ബാലകൃഷ്ണൻ.കെ.കെ-യുടെ 27-03-2023 മുതൽ 21-06-2024 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്ത തട്ടികിഴിച്ചുള്ള ശമ്പളവും ബത്തകളും ഉൾപ്പെടെ എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, 22-06-2024 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള KSRs Part I Rule 56 B(9)Note-2 പ്രകാരം പ്രവേശന കാലമായോ (KSRs Part I Rule-127 പ്രകാരം അനുവദനീയമായ പ്രവേശന കാലയളവ്-ചട്ടപ്രകാരമുള്ള തയ്യാറെടുപ്പ് കാലവും (6 ദിവസം) യഥാർത്ഥ യാത്രാസമയവും ചേർന്ന കാലയളവ് മാത്രം) (തിരികെ ജോലിയിൽ പ്രവേശിച്ച തീയതിയ്ക്ക് തൊട്ടുമുൻപ് പ്രവേശന കാലയളവ് ചേർക്കേണ്ടതാണ്) അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ.ബാലകൃഷ്ണൻ.കെ.കെ, പ്രിൻസിപ്പൽ (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. ധനകാര്യ വകുപ്പ് (13.01.2026 ലെ E:3362574/EDN-B1/531/2025-Fin പ്രകാരം)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
7. വെബ് (കൈറ്റ്സ്/ന്യു മീഡിയ)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 24-02-2026 16:46:42
സെക്ഷൻ ഓഫീസർ

പകർപ്പ് -

1. ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്